# ഇൻഫോസീഡ്



# ലിറ്റിൽ കൈറ്റ്സ്

# ഡിജിറ്റൽ മാഗസിൻ

# മായന്നൂർ സ്കൂൾ

# OUR PATRON



# നമ്മുടെ സാരഥികൾ



പ്രിൻസിപ്പാൾ-ആന്റോ കാഞ്ഞിരത്തിങ്കൽ



ഹെഡ്മാസ്റ്റർ-ജോൺസൺ.സി.വി.



*ഡെപ്യൂ.ഹെഡ് മിസ്ട്രസ്-ജി. മിനി ജോർജ്ജ്*

# കൈറ്റ് അധ്യാപികമാർ



റെനി.കെ.പയസ്സ്



ഷീബ ഡേവീസ്

# EDITORIAL BOARD

## Abhimannia A M



## Sreehari. M



## Jithin krishna



## Aswathy. R



## Jesna T.J



# KNOW YOUR SCHOOL

## SCAN -- QR CODE

# ക്രിസ്തുമസ് കാലം

മാനം മാനം തെളി മാനം
താരം നിറയും തെളിമാനം
വണ്ടി നിറച്ചും സമ്മാനം
കണ്ടാൽ ആർക്കും ബഹുമാനം
കിട്ടും നല്ലൊരു സമ്മാനം
കിട്ടിയ കുഞ്ഞിന്നഭിമാനം
ക്രിസ്തുമസ് സ്റ്റാറുകൾ തെളിഞ്ഞല്ലോ
ക്രിസ്തുമസ് കേക്കുകൾ നിരന്നല്ലോ
ക്രിസ്തുമസ് ഫാദർ വന്നല്ലോ
ഹാപ്പി ക്രിസ്തുമസ് പാടുക നാം
ക്രിസ്തുമസ് ട്രീകൾ പൂത്തല്ലോ
ക്രിസ്തുമസ് ട്രീമുകൾ വന്നല്ലോ
ക്രിസ്തുമസ് കാലം അണഞ്ഞല്ലോ
ഹാപ്പി ക്രിസ്തുമസ് പാടുക നാം

GOPIKA R. G

# നമ്മളൊന്ന്

നമ്മൾ ഒന്നാണ് കൂട്ടുകാരെ
എത്ര നാള് പിരിഞ്ഞാലും
ഏതു പഠിപ്പ് മറന്നാലും
നമ്മൾ ഒന്നാണ് കൂട്ടുകാരെ
കളകളം ഒഴുകും കണ്ണുനീരും
കാട്ടരുവിയിലെ കുളി നീരും
നിന്നിൽ മുത്തു മുത്തായി
പൊഴിയും വാക്കുകൾ
മണി മുത്തു പോലെ എൻ മനസ്സിൽ
മായാ തിരിക്കും പൊന്നു മുത്തുകൾ
എത്ര നാള് പിരിഞ്ഞാലും
ഏതു പഠിപ്പു മറന്നാലും
നമ്മൾ ഒന്നാണ് കൂട്ടുകാരെ
നമ്മൾ ഒന്നാണ് കൂട്ടുകാരെ..

AKSHAYA.G
VI: D

# നമ്മുടെ കേരളം

മനോഹരമായ എന്നുടെ കേരളം
പച്ചനിറത്തിൽ ശോഭിക്കുന്ന
മലയാളത്തിൽ പെരുമഴയാണ്
കവിതകൾ ഉള്ളനാട്
കഥകളി പടയണി മോഹിനിയാട്ടം
തുടങ്ങിയ കലകൾ ഉണ്ടിവിടെ
മലയാളത്തിൽ പെരുമ അറിയിച്ച്
കവികളുണ്ട് നാട്ടിൽ
ഹിന്ദുവും മുസ്ലിമും ക്രിസ്ത്യാനിയും എല്ലാം
ഒഴിവു പോലെ ഇവിടെ കഴിയുന്നു
വനവും മലയും പുഴയും വയലും
കുളിരിൻ മഴയും തണലിൽ മരവും
കാണാമല്ലോ ഈ നാട്ടില്
മാവേലി വാഴുന്ന നാടാണ്
വീരന്മാർ ഉള്ള നാടാണ്
സത്യവും ധർമ്മവും നീതിയും എല്ലാം
നിറഞ്ഞു നിൽക്കുന്ന നാടാണ്
ഈശ്വരൻ തന്ന ഒരു നാടാണെ
കേരങ്ങൾ ഉള്ള ഒരു നാടാണേ
പരശുരാമൻ തന്നുടെ മഴു വാൾ
സൃഷ്ടിച്ചെടുത്ത ഒരു നാടാണെ
ഈശ്വരൻ തന്ന ഒരു വരം ആണല്ലോ
നമ്മുടെ സുന്ദര കേരളം

MANEESHA.M
V: C

# വിഷുപക്ഷി

എന്റെ വീട്ടുവളപ്പിൽ കാലംതെറ്റിയൊരു
കണിക്കൊന്ന പൂത്തു..... !
ഞാനതൊരു ട്രോളാക്കി വാങ്ങി
"വിഷുവരുമ്പോൾ ഞാനെന്തിന് പൂക്കണം
ഞാൻ പൂക്കുമ്പോൾ വിഷുവരട്ടെ,
അതല്ലേ ഹീറോയിസം."

ഏറെനാളുകൾക്കിപ്പുറം ഇന്ന്
പൂക്കുവാൻ കണിക്കൊന്നയില്ല !
തണലേകുവാൻ മരങ്ങളില്ല !അതൊരു സൂചനയായിരുന്നു
കാലം തെറ്റുന്നതെന്നൊരു സൂചന.

ഞാൻ ഇന്നു പ്രീതികരിക്കുന്നു, തിരക്കിലാണ്-
നവമാധ്യമങ്ങളിൽ സന്ദേശം കൈമാറാൻ
"മരം നട്ടു...... ഭൂമിയെ കാക്കു...... "
പിന്നെയും ഞാൻ സന്ദേശങ്ങളയക്കുന്നു ,
സ്വയം ഒരു തൈ നടാതെ, ഒരു തണൽ നടാതെ.... !!!

പ്രണബ്.സി.ബി

# അപ്പൂക്കുട്ടൻ ചെടി

അപ്പൂക്കുട്ടന് അപ്പൂപ്പൻ കുപ്പിയിൽ വളർത്തുന്ന ഒരു ചെടി കൊടുത്തു. അവൻ അത് വീട്ടിലെ ജനാലയുടെ അരികിൽ കൊണ്ടുവച്ചു. എന്റെ ചെടി വെയിലേറ്റു വാടരുത് എന്ന് പറഞ്ഞു അവൻ ജനാല അടച്ചിട്ടു. ദിവസവും വെള്ളം ഒഴിച്ചിട്ടും ചെടിക്ക് വാടിയിരിക്കുന്നു. അപ്പുവിനെ സങ്കടമായി. അതുകൊണ്ട് അമ്മ വന്ന് ജനാല തുറന്നിട്ടു. അപ്പുവിനെ അത് ഒട്ടും ഇഷ്ടമായില്ല. എങ്കിലും അവൻ വഴക്കൊന്നും ഉണ്ടാക്കിയില്ല. പിറ്റേന്ന് അതാ ചെടി ക്ഷീണമൊക്കെ മാറി ജനാലയിലൂടെ എത്തിനോക്കുന്നു. ഇതെന്താ അപ്പുവിനു ദേഷ്യവും സങ്കടവും വന്നു. അപ്പോഴാണ് അമ്മ പറഞ്ഞത്:" അപ്പൂക്കുട്ടാ ചെടി വളരണമെങ്കിൽ വെള്ളം മാത്രം പോരാ സൂര്യപ്രകാശവും വേണം." അത് നന്നായി കിട്ടുവാൻ ആണ് അമ്മ ജനല് തുറന്നിട്ടത്. അത് കേട്ട് കാര്യം പിടികിട്ടിയ അപ്പു ആവശ്യത്തിന് സൂര്യപ്രകാശം കിട്ടുന്ന സ്ഥലത്തേക്ക് ചെടി കുപ്പി മാറ്റിവെച്ചു. ചെടി വളരണമെങ്കിൽ വെള്ളവും വളവും മാത്രം പോരാ, സൂര്യപ്രകാശവും അത്യാവശ്യം തന്നെയാണെന്ന് അങ്ങനെ മനസ്സിലായി.

MANEESHA M
V C

# കുട്ടിയും പട്ടിയും

ഒരു ദിവസം നിരഞ്ജൻ എന്ന പേരുള്ള കുട്ടി സ്കൂൾ വിട്ട് പോവുകയായിരുന്നു. അപ്പോൾ ആ കുട്ടി ഒരു നായക്കുട്ടിയെ കണ്ടു. അതിനെ ആരോ ഒരു പെട്ടിയിലാക്കി അവിടെ ഇട്ടിരിക്കുന്നു. ആ നായക്കുട്ടിയെ വീട്ടിലേക്ക് അവൻ കൊണ്ടുപോയി. വീട്ടിലെത്തിയപ്പോൾ അമ്മ നായ്ക്കുട്ടിയെ കൊണ്ടുവന്നതിന് വഴക്കു പറയുമോ എന്ന് വിചാരിച്ചു. പക്ഷേ അമ്മ വഴക്ക് ഒന്നും പറഞ്ഞില്ല. അപ്പോൾ അവന് വളരെ സന്തോഷമായി. അവന്റെ അച്ഛൻ നായക്കുട്ടിക്ക് വേണ്ടി ഒരു ചെറിയ കൂടും ഉണ്ടാക്കി കൊടുത്തു. അവൻ സ്കൂളിൽ നിന്ന് വരുന്നത് കാത്ത് നായ്ക്കുട്ടി നിൽക്കും.അവ നെ കണ്ടാൽ വാലാട്ടും. ദിവസവും അവൻ സ്കൂൾ വിട്ടു കഴിഞ്ഞ് നായ്ക്കുട്ടിയുടെ കൂടെ കളിക്കാറുണ്ടായിരുന്നു. അങ്ങനെ നായക്കുട്ടി വലുതായി.

ഒരു ദിവസം രാത്രി ആ കുട്ടിയുടെ വീട്ടിൽ കള്ളൻ കയറി. ആ സമയം നായ്ക്കുട്ടി കള്ളനെ കണ്ട് കുരച്ചു തുടങ്ങി. അങ്ങനെ ആ കള്ളനെ അവർക്ക് പിടിക്കാൻ കഴിഞ്ഞു. ഇതോടെ അവന്റെ അച്ഛനും അമ്മയ്ക്കും ആ നായക്കുട്ടിയെ കൂടുതൽ ഇഷ്ടമായി. അവർ അവനെ ആവശ്യമായതെല്ലാം കൊടുത്തു സ്നേഹത്തോടെ വളർത്തി.

MANEESHA M
V C

# കുസൃതി ചോദ്യങ്ങൾ

1. കൊതുകും മനുഷ്യനും തമ്മിലുള്ള ബന്ധം?
2. കടലിൽ കൂടി യാത്ര ചെയ്യുന്ന ബസ്സ്?
3. ഒറ്റയ്ക്ക് സമൂഹ ഗാനം പാടിയതാര്?
4. വായിനോക്കികൾ കൊടുക്കുന്ന ഡിഗ്രി?
5. മോഹൻലാലും ബഹദൂറും രവിശാസ്ത്രി ചേർന്നാൽ?
6. ഇത് എന്റെ സ്വന്തം ആണ് ഇത് ഉപയോഗിക്കുന്നവർ മറ്റുള്ളവരാണ്?
7. ഒരിക്കലും പ്രസവിക്കാത്ത ആട്?
8. എത്ര വലിച്ചാലും നീളം കൂടുകയില്ല ചെറുതാകുകയും ചെയ്യും?
9. വീട്ടാവശ്യത്തിന് ഉപയോഗിക്കാൻ പറ്റാത്ത മുള?
10. ഒരാൾ കാറോടിച്ചു പോയപ്പോൾ റോഡിൽ ഒരു കൊച്ചു വട്ടം കിടക്കുന്നു ഡ്രൈവർ എന്ത് ചെയ്യും?
11. വിശപ്പുള്ള രാജ്യം?
12. വെള്ളത്തിൽ അലിയുന്ന പൂ?
13. ജനങ്ങൾക്ക് താമസിക്കാൻ പറ്റാത്ത സിറ്റി?
14. കടയിൽ നിന്ന് വാങ്ങാൻ കിട്ടാത്ത ജാം?
15. കാരറ്റ് മാത്രം വാങ്ങാൻ കിട്ടുന്ന കട?
16. ഫിഷ്ടാങ്കിൽ ഒരു മീൻ ചത്തപ്പോൾ ടാങ്കിലെ വെള്ളം കൂടി എന്താണ് കാരണം?
17. ധാരാളം ആളുകൾ കൂടുന്ന ഒരു ഇംഗ്ലീഷ് അക്ഷരം?
18. രണ്ടു ബക്കറ്റ് നിറയെ വെള്ളമുണ്ട് അതിലൊരു ബക്കറ്റിന് ദ്വാരം ഉള്ളതാണ്. .എന്നാൽ ദ്വാരമുള്ള ബക്കറ്റിൽ നിന്ന് ഒരു തുള്ളി വെള്ളം പോലും പോകുന്നില്ല കാരണം എന്ത്?
19. ലോകത്തിലെ ഏറ്റവും ചെറിയ പാലം?
*20.കൃഷിക്ക് ഉപയോഗിക്കാൻപറ്റാത്ത വളം?*

# കമ്പ്യൂട്ടർ വൈറസ്

കംപ്യൂട്ടറുകളിൽ സൂക്ഷിച്ചിരിക്കുന്ന ഫയലുകളിൽ കടന്നുകൂടി സ്വന്തം കോപ്പി ചേർക്കുകയും അങ്ങനെ അതിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങൾ വികലമാക്കുകയും ചെയ്യുന്ന പ്രോഗ്രാമുകളാണ് കമ്പ്യൂട്ടർ വൈറസ് എന്ന് പറയുന്നത്. വൈറസിനെ പോലെ സൂത്രത്തിൽ കടന്നുകൂടി അതിശീഘ്രം എണ്ണത്തിൽ വർദ്ധിച്ച് അവിടമാകെ വരുന്നതുകൊണ്ടാണ് ഇതിന് വൈറസ് എന്നു പറയുന്നത്. അല്ലാതെ യഥാർത്ഥ വൈറസുമായി യാതൊരു ബന്ധവുമില്ല. കമ്പ്യൂട്ടർ വൈറസ് വിവിധ തരത്തിലുണ്ട്

1. കമ്പ്യൂട്ടറിലെ ചില ഭാഗങ്ങൾ മാത്രം ആക്രമിക്കുന്നവ... ഉദാഹരണത്തിന് ഫയൽ വൈറസുകൾ, ക്ലസ്റ്റർ വൈറസുകൾ.
2. കമ്പ്യൂട്ടറുകളിൽ ചില പ്രത്യേക രീതിയിൽ ആക്രമിക്കുന്ന പ്രധാനപ്പെട്ട ഇനം പോളിമോർഫിക് വൈറസ്. ഫാസ്റ്റ്, സ്ലോ, സ്റ്റൽത്ത് വൈറസ് തുടങ്ങിയവ
3. മറ്റ്തരത്തിൽ ഇതിൽ ചെറിയ ഉപദ്രവങ്ങൾ ഉണ്ടാക്കുന്ന ഫൈ സിംഗ് അഡ്ഡർ തുടങ്ങിയ ഇനം വൈറസുകൾ

കമ്പ്യൂട്ടർ വൈറസുകൾ മറ്റുതരത്തിൽ നിരുപദ്രവകാരികളാണ് എങ്കിലും കമ്പ്യൂട്ടറിൽ സൂക്ഷിച്ചിരിക്കുന്ന

ഫയലുകൾക്ക് അനാവശ്യമായ എഴുത്തുകുത്തുകൾ നടത്താനും അവയുടെ പ്രവർത്തനം മന്ദഗതിയിൽ ആക്കാനും

*ചില സന്ദേശങ്ങൾ ഇടയ്ക്കിടെ സ്ക്രീനിൽ ഉയർത്തി കാണിച്ചു കൊണ്ടിരിക്കാനും അവയ്ക്ക് കഴിയും.*

## രോഗത്തിന് ആക്രമിക്കാൻ കഴിയാത്ത മനുഷ്യൻ

ഒരാൾ ശരിയായ ആഹാരരീതിയും ദിനചര്യയും പാലിക്കുമ്പോൾ ശരിയായി ചിന്തിച്ചതിനു ശേഷം മാത്രം കർമ്മനിരതൻ ആകുമ്പോൾ ഇന്ദ്രിയ സുഖം അനുഭവങ്ങളിൽ അമിതാവേശം കാണിക്കാതെ ഇരിക്കുമ്പോൾ ഉദാരമതിയായ ഇരിക്കുമ്പോൾ എല്ലാ ജീവജാലങ്ങളോടും സഹാനുഭൂതിയോടെ പെരുമാറുമ്പോൾ സത്യത്തെ മുറുകെ പിടിക്കുകയും മറക്കാനും പൊറുക്കാനും സന്നദ്ധനാവുകയും ചെയ്യുമ്പോൾ വിനയത്തോടെ മറ്റുള്ളവരെ സേവിക്കുമ്പോൾ തനിക്ക് ഉള്ളതുകൊണ്ട് സംതൃപ്തൻ ആയിരിക്കുമ്പോൾ ബുദ്ധിമാനായ അയാളെ ഒരിക്കലും ഒരു രോഗത്തിനും കീഴ്പെടുത്താൻ ആകുന്നില്ല

*ചരകൻ*

## ക്യാപ്റ്റൻ ബോസിന്റെ ധീരത

*ആളിക്കത്തുന്ന അഗ്നിക്കു സമീപം നിന്നുകൊണ്ടാണ് ക്യാപ്റ്റൻ ബോസ് യാത്രക്കാരെയും രക്ഷപ്പെടുത്തിയത്. തനിക്ക് പൊള്ളലേറ്റാലും അവസാനത്തെ യാത്രക്കാരനും രക്ഷപ്പെടണം എന്ന് അയാൾ ആഗ്രഹിച്ചു. ക്യാപ്റ്റൻ ബോസ് സാഹസികനായ ഒരു മനുഷ്യനായിരുന്നു.അദ്ദേഹത്തെപ്പോലെ വീര കൃത്യങ്ങൾ*

*ചെയ്യുവാൻ നമുക്ക് കഴിഞ്ഞെന്നുവരില്ല. അതിനുള്ള സാഹചര്യങ്ങൾ ലഭിച്ചെന്നുവരില്ല. പക്ഷേ നമ്മുടെ ധീരതയും ത്യാഗ ബോധവും ആവശ്യമായി വരുന്ന ധാരാളം സന്ദർഭങ്ങൾ നമുക്ക് ലഭിക്കാറുണ്ട്. ഏറ്റവും പ്രധാനം നമ്മുടെ അനുദിന ജീവിതത്തിലെ ജോലികളും കടമകളും തുടക്കം കൂടാതെ എല്ലാ ദിവസവും ഭംഗിയായി ചെയ്യുകയാണ്. വല്ലപ്പോഴും പഠിച്ചത് കൊണ്ട് ആയില്ല, വർഷം മുഴുവൻ സ്ഥിരമായി പഠിക്കുക പരീക്ഷയെ എടുക്കുമ്പോൾ പ്രാർത്ഥിച്ചാൽ പോരാ. എല്ലാദിവസവും പ്രാർത്ഥനയിലൂടെ കുറച്ചു സമയമെങ്കിലും ഈശ്വര സന്നിധാനത്തിൽ ചിരിക്കാനും അവിടുത്തെ ആരാധിക്കാനും കഴിയണം. മറ്റുള്ളവരോട് ഇഷ്ടം തോന്നുമ്പോൾ മാത്രമല്ല സുഖം ഇല്ലാത്തപ്പോൾ പോലും ഹൃദ്യമായി പെരുമാറുക. പല കുട്ടികളും സത്യം പറയുക നല്ല വാക്കുകൾ മാത്രം സംസാരിക്കുക. അതിരാവിലെ എഴുന്നേൽക്കുക, സന്തോഷപൂർവ്വം അനുസരിക്കുക തുടങ്ങിയ നല്ല നിശ്ചയങ്ങൾ എടുക്കാറുണ്ട്. പക്ഷേ ബുദ്ധിമുട്ടുകൾ വരുമ്പോൾ അവൻ മറന്നുപോകുന്നു. ജീവിതത്തിൽ ഉയർന്ന വരണമെങ്കിൽ വലിയ കാര്യങ്ങൾ ചെയ്യണം എങ്കിൽ നിങ്ങളുടെ നല്ല തീരുമാനങ്ങളിലും നല്ല പ്രവർത്തനങ്ങളിലും സ്ഥിരമായി ഉറച്ചു നിൽക്കേണ്ടി വരുന്നു ക്യാപ്റ്റൻ ബോസ് നൽകുന്ന സന്ദേശം ഇതാണ്...*

# ഒരു പക്ഷിയെ പരിചയപ്പെടാം..........
# മലമുഴക്കി വേഴാമ്പൽ

*കേരളത്തിലെയും അരുണാചൽപ്രദേശ് ത്തെയും സംസ്ഥാന പക്ഷിയാണ് മലമുഴക്കി വേഴാമ്പൽ. മലകളിൽ പ്രതിധ്വനിക്കുന്ന ശബ്ദവും ശക്തമായ ചിറകടിയൊച്ചയുമാണ് ഇവയ്ക്ക് മലമുഴക്കി എന്ന പേര് സമ്മാനിച്ചത്. ഏഷ്യയിൽ തന്നെ ഏറ്റവും വലിപ്പമേറിയ വേഴാമ്പൽ ആണിത്. കേരളത്തിൽ നെല്ലിയാമ്പതി അതിരപ്പിള്ളി വാഴച്ചാൽ, ചെന്തുരുണി കാടുകളിലാണ് പ്രധാനമായും കാണപ്പെടുന്നത്. ഏകദേശം 50 വർഷമാണ് ആയുസ്സ്. തലയിൽ കറുപ്പും മഞ്ഞയും കലർന്ന തൊപ്പിയാണ് ഏറ്റവും വലിയ സവിശേഷത. കൂട്ടമായാണ് വേഴാമ്പലുകൾ കഴിയുന്നത്. ഒരു കൂട്ടത്തിൽ ഇരുപതിൽ താഴെ വേഴാമ്പലുകൾ ഉണ്ടാകും. പഴങ്ങൾ പുഴുക്കൾ പ്രാണികൾ ചിലതരം ഇലകൾ എന്നിവയാണ് പ്രധാന ഭക്ഷണം. പെൺ വേഴാമ്പലിനെ ആണിനേക്കാൾ വലിപ്പം കുറവാണ്. ആണിനെ ചുവന്നതും പെണ്ണിനെ നീല കലർന്ന വെളുത്ത കണ്ണുകൾ ആണ് ഉള്ളത്. ....*

## നിറങ്ങളിലൂടെ.............ശ്രീവിദ്യ ടീച്ചർ......











# THANK YOU